**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2369

19/07/2016 - ൽ മറുപടിക്ക്.

## വനിതകളെ മാധ്യമരംഗത്തേക്ക് കൊണ്ടുവരാനും ചാനൽ ആരംഭിക്കാനും നടത്തിയ ട്രെയിനിംഗ്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.പി.ടി.എ.റഹീം | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന തദ്ദേശ സ്വയംഭരണവകുപ്പിന്റെ സഹകരണത്തിൽ കോഴിക്കോട് തൊട്ടിൽപാലം സൗത്ത് ഏഷ്യൻ കോളേജ് ഓഫ് ഫിലിംസിന്റെ സാങ്കേതിക സഹായത്തോടെ കുടുംബശ്രീ സ്റ്റേറ്റ് മിഷൻ, വനിതകളെ മാധ്യമരംഗത്തേക്ക് കൊണ്ടുവരാനും ചാനൽ ആരംഭിക്കാനും ഉദ്ദേശിച്ചുകൊണ്ട് കുടുബശ്രീ പ്രവർത്തകരിൽ നിന്നും എഴുത്ത് പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ ജില്ലകളിൽ നിന്ന് 10 പേർ വീതം തെരഞ്ഞെടുക്കപ്പെട്ട 140 പേർക്കുള്ള ട്രെയിനിംഗ് ആരംഭിച്ചിരുന്നുവോ; വിശദമാക്കാമോ; | (എ) പരിശീലനം ആരംഭിച്ച് ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങൾക്ക് മാധ്യമരംഗത്ത് സ്ക്രിപ്റ്റിംഗ്, ഗവേഷണം, പ്രി-പ്രൊഡക്ഷൻ, പോസ്റ്റ്-പ്രൊഡക്ഷൻ എന്നീ മേഖലകളിലും ക്യാമറ, എഡിറ്റിംഗ്, സൗണ്ട് റിക്കോർഡിംഗ് മുതലായ രംഗങ്ങളിലും പരിശീലനം നൽകുവാൻ ആരംഭിച്ചിട്ടുള്ള ഒരു സൂക്ഷ്മ സംരംഭക പദ്ധതിയാണിത്. |

→

| | | | |
|---|---|---|---|
| (ബി) | ട്രെയിനിംഗ് ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | പരിശീലനത്തിന്റെ ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ടം നടപ്പാക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്. |
| (സി) | ഈ പദ്ധതി മുമ്പോട്ട് കൊണ്ടുപോവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | മാധ്യമമേഖലയുമായി ബന്ധപ്പെട്ട് കുടുംബശ്രീ അംഗങ്ങൾക്കായുള്ള സ്വയം തൊഴിൽ പദ്ധതിയാണ് ഫ്രെയിംശ്രീ. ഈ പദ്ധതി മുഖേന മാധ്യമരംഗത്തും ഡോക്യുമെന്ററി നിർമ്മാണത്തിലും കുടുംബശ്രീ അംഗങ്ങൾക്ക് പ്രവേശിക്കുവാനും അതുവഴി പ്രൊഫഷണൽ പരിശീലനം നേടുവാനും തൊഴിൽ കണ്ടെത്തുവാനും കഴിയും. പരിശീലനം സിദ്ധിച്ചവരെ ഭാവിയിൽ സുസ്ഥിരവരുമാനം ലഭിക്കുന്ന തൊഴിൽ യൂണിറ്റുകളായി നിലനിർത്തിക്കൊണ്ട് സർക്കാർ തലത്തിലും അല്ലാതെയുമുള്ള ഡോക്യുമെന്റേഷൻ ഏറ്റെടുത്ത് നടത്തുവാൻ കഴിയും. |

Sreenai

സെക്ഷൻ ഓഫീസർ.